സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാന്റ് സ്പെഷ്യൽ ആഫീസറെ കരാർ വ്യവസ്ഥയിൽ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 209/05/Est-1** നന്തൻകോട്, **13/10/2026**

---

പരാമർശം :- 1) 18-07-2026 ലെ മേൽ നമ്പർ ബോർഡുത്തരവ്
2) ദേവസ്വം കമ്മീഷണറുടെ 08-10-2026 ലെ ROC 18442/05/Land നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ലാന്റ് സ്പെഷ്യൽ ആഫീസറായുള്ള ശ്രീ.ജി.ജയചന്ദ്രന്റെ സേവനം അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.(പരാമർശം 1)

നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് ദേവസ്വം ഭൂമി ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാര തുക നേടിയെടുക്കുന്നത് ഉൾപ്പടെയുള്ള നടപടി ക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാന്റ് സ്പെഷ്യൽ ആഫീസറുടെ സേവനം അത്യന്താപേക്ഷിതമാണെന്നും 10 വർഷത്തിലധികം സേവന പരിചയമുള്ളതും ദേവസ്വം ഭൂമിയെ കുറിച്ച് അറിവും പ്രാവീണ്യമുള്ളതുമായ മുൻ ലാന്റ് സ്പെഷ്യൽ ആഫീസർ ശ്രീ.ജി.ജയചന്ദ്രന് ഈ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പുനർനിയമനം നൽകുന്നത് ഉചിതമാകയാൽ അനന്തര ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം -2)

ഈ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

ശ്രീ.ജി.ജയചന്ദ്രന് ലാന്റ് സ്പെഷ്യൽ ആഫീസറായി നിലവിലെ വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിൽ പുനർനിയമനം നൽകുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

ശ്രീ. ജി. ജയചന്ദ്രൻ,
പ്രശാന്തി,
നാവായിക്കുളം. പി.ഒ,
തിരുവനന്തപുരം - 695 603

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ലാന്റ് സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
4. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
5. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറി
6. ഐ.റ്റി. സെക്ഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി